# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

## (നിലവിൽ : ശ്രീമതി.ശാരദ.എസ്)

വിഷയം :- പിന്നാക്ക വിഭാഗ വികസനം - വകുപ്പിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചുത്തരവാകുന്നത് സംബന്ധിച്ച്.

പരാമർശം:- 1) ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 30.08.2017 ന് ചേർന്ന നോഡൽ ഓഫീസർമാരുടെ അവലോകന യോഗം

2) നോഡൽ ഓഫീസർ ഇ-ഗവേണൻസ് (പ്രോജക്ട്സ്) & ഐടി ഡിവിഷൻ കോർഡിനേറ്ററുടെ 07.09.2017 തീയതിയിലെ BCDDIT/01/2017 നമ്പർ കത്ത്

---

ഉത്തരവ് നമ്പർ : **BCDD/A1/1343/2018** തീയതി: **01/11/2018**

---

സർക്കാർ വകുപ്പുകളിൽ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ സജ്ജീകരിയ്ക്കൽ, ഹാർഡ് വെയർ പർച്ചേസിംഗ് തുടങ്ങിയ ഐ.റ്റി അധിഷ്ഠിത പ്രവർത്തനങ്ങൾ കാര്യ ക്ഷമമായും, വേഗത്തിലും നടപ്പാക്കുന്നതിന് ഓരോ വകുപ്പിലും ടെക്നിക്കൽ കമ്മിറ്റി രൂപീകരിയ്ക്കണമെന്ന് പരാമർശ (1) പ്രകാരം നടന്ന യോഗത്തിൽ നിർദ്ദേശിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ വകുപ്പിൽ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ സജ്ജീകരിയ്ക്കൽ, ഹാർഡ് വെയർ പർച്ചേസിംഗ് തുടങ്ങിയ ഐ.റ്റി അധിഷ്ഠിത പ്രവർത്തനങ്ങൾ കാര്യക്ഷമമായും, വേഗത്തിലും നടപ്പാക്കുന്നതിന് വകുപ്പ് ഡയറക്ടർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ സൂപ്രണ്ട് (വകുപ്പ് ഡയറക്ടറേറ്റ്), നോഡൽ ഓഫീസർ ഇ-ഗവേണൻസ് (പ്രോജക്ട്സ്), നോഡൽ ഓഫീസർ ഇ-ഗവേണൻസ് (അഡ്മിനിസ്ട്രേഷൻ), ഐ .റ്റി മിഷൻ/എസ്.ഇ.എം.റ്റി പ്രതിനിധി എന്നിവർ ഉൾക്കൊള്ളുന്ന ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചുത്തരവാകുന്നു. ടി കമ്മിറ്റി കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

പകർപ്പ്;-

1. പ്രിൻസിപ്പൽ സെക്രട്ടറി,പിന്നാക്ക വിഭാഗ വികസന വകുപ്പ്(ഉപരി പത്രം സഹിതം)
2. ഡയറക്ടറുടെ മേശ മേൽ
3. അക്കൗണ്ടന്റ് ജനറൽ(എ& ഇ)കേരളം
4. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,എറണാകുളം
5. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്
6. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

സീനിയർ സൂപ്രണ്ട്